## അഗ്നികുണ്ഠത്തിൽ ബാലകന്മാരെ

Music & Words - VJ Traven

അഗ്നികുണ്ഠത്തിൽ ബാലകന്മാരെ
സിംഹങ്ങൾ മുന്നിൽ ദാനിയേലിനെ
പൊട്ടക്കുഴിയതിൽ യോസേഫിനെ
തൻ വീര്യഭുജത്താൽ ഉദ്ധരിച്ചോനേ
യേശുവേ രാജാവേ

യേശുവേ കർത്താവേ നീ വിശ്വസ്തനാണേ
നിൻ തിരുനാമമതെന്റെ ധ്യാനമാകുന്നേ

യേശുവേ രാജാവേ എൻ ദൈവമായോനേ
നിൻ തിരുസാന്നിദ്ധ്യമെന്റെ ജീവനാകുന്നേ
യേശുവേ രാജാവേ

കാൽവരിയിലെ ക്രൂശതിൽ തൂങ്ങി
ആണിപ്പഴുതുള്ള ഉള്ളം കരത്തിൽ
നാഥനെന്നെ നിത്യം കാവൽ ചെയ്തിടുന്നു
താൻ മയങ്ങിടാതെ താനുറങ്ങാതെ
യേശുവേ രാജാവേ

## **കാരുരുമ്പിൻ ആണികളാൽ**

Music & Words - VJ Traven

കാരിരുമ്പിൻ ആണികളാൽ നോവും നേരം
എന്നെ ഓർത്തു തേങ്ങിയോനെ
ദേഹമെന്ന തിരശ്ശീല ചീന്തി വീണ
നിന്റെ ശുദ്ധരക്തത്താലേ

യേശുവേ നാഥനേ നീ എന്നേ
വീണ്ടെടുത്തതാലേ ഇന്ന്
യേശുവേ നാഥനേ നിന്നെ
ഞാൻ വണങ്ങീടുന്നേ

ദൈവകുമാരൻ മഹിമ കണ്ടു
നവയൊരുശാലേമിൽ
തങ്കത്തെരുവിൽ തൻ പ്രിയർ പാടും
നിത്യാനന്ദത്തോടെ (യേശുവേ നാഥ...)

സർവ്വ ലോകത്തിൻ പാപവും ശാപവും
നീക്കിടുന്ന എൻ പരനേ
നിന്റെ അടിപ്പിണരാലേ എൻ ദേഹവും
സൗഖ്യമായി തമ്പുരാനേ

യേശുവിൻ കൂടെ വാഴുവാനായി
യോഗ്യനായ് തീരുവാൻ
ക്രൂശിതനായ തന്നേ ധരിച്ചു
യാത്രചെയ്തിടും ഞാൻ (യേശുവേ നാഥ...)

## **യേശു എന്നെ സ്നേഹിച്ചതിനാൽ**
Music & Words - VJ Traven

യേശു എന്നെ സ്നേഹിച്ചതിനാൽ
ഞാനുമവനെ സ്നേഹിച്ചതിനാൽ
സ്ത്രോത്രത്തോടെ വാഴ്ത്തും
എന്നും എന്നേശുവേ
നന്ദിയോടെ വാഴ്ത്തും എന്റെ നായകനെ

എല്ലാ മുട്ടും മടങ്ങീടും നേരം
എല്ലാ നാവുമൊന്നായി ചൊല്ലും
യേശു തന്നെ യേശു തന്നെ കർത്താവ്

രാജാധിരാജനെഴുന്നള്ളുമ്പോൾ
വീരനാം ദൈവമെഴുന്നള്ളുമ്പോൾ
ഹോസാനാ ഹോസാനാ (3)
ഹോസാനാ ഹാലേലൂയ്യാ

## സർവ്വാംഗസുന്ദരൻ ദൈവപുത്രൻ

Music & Words - VJ Traven

സർവ്വാംഗസുന്ദരൻ ദൈവപുത്രൻ
സർവ്വം ചമച്ചവൻ യേശുനാഥൻ
ചങ്കു പിളർന്നെന്നെ സ്നേഹിച്ചവൻ
സർവ്വനീതിയും നിവർത്തിച്ചവൻ

എൻ മനമേ വാഴ്ത്തിടുക
നിൻ പ്രിയനാം യേശുവിനെ
തൻ മനമേ പാടിടുക ഹലേലൂയ്യാ
ഓ.... ഓ.... ഓ മോദമോടെ യേശുവിനെ
വാഴ്ത്തിടുക എൻ മനമേ
ഹാലേലൂയ്യാ പാടിടുക... ഹാലേലൂയ്യാ

സൂര്യനെ വെല്ലും പ്രകാശമയൻ
അഗ്നിജ്വാലയ്ക്കൊത്ത കണ്ണുള്ളവൻ
രാജാധിരാജൻ അമർത്ത്യനവൻ
ആദ്യനുമന്ത്യനുമായ കർത്തൻ

ദൈവവചനമെന്ന് പേരായവൻ
വിശ്വസ്തനും സത്യവാനുമായവൻ
രക്തം തളിച്ച ഉടുപ്പുള്ളവൻ
വീഴിതെന്നെയെന്നും കാക്കുന്നവൻ

മേഘാരൂഢനായ് താൻ വരുമ്പോൾ
ഞാനും തന്നോട് സദൃശനാകാൻ
ചങ്കു പിളർന്നെന്നെ സ്നേഹിച്ചവൻ
ആരാധ്യനും സ്തുത്യനുമായവൻ

## ക്രൂശിതനെ മഹോന്നതനെ

Music & Words - VJ Traven

ക്രൂശിതനെ മഹോന്നതനെ
നിത്യനായോനെ ഞാൻ നമിക്കുമേ
ഞാനാകുന്നവൻ ഞാനാകുന്നവനെ
ഞാൻ സ്തുതിക്കുമേ യേശുവിനെ

നിൻ സാമിപ്യം യേശുനാഥാ
എന്നിൽ ജീവശ്വാസം നൽകും ദേവാ
ധന്യം നിന്നേ ധ്യാനിക്കുന്നീ നേരം
യേശുവേ നായകാ (2)

എന്നെത്തേടി വന്ന നാഥാ
ഞാനെല്ലാനാളും നിന്നെ വാഴ്ത്തും
എന്റെ ദുഃഖം സർവ്വം മായ്ക്കും ദേവാ
യേശുവേ നായകാ (2)

നിൻ വാഗ്ദത്തം നിത്യജീവൻ
ഞാനും പ്രാപിക്കുവാൻ എന്നെ നിന്റെ
ഉള്ളം കൈയ്യിൽ കാക്കും ആത്മനാഥാ
യേശുവേ നായകാ.

**ലാഭമായതെല്ലാ ചേതമെന്നെണ്ണി**

Music & Words - VJ Traven

ലാഭമായതെല്ലാം ചേതമെന്നെണ്ണി
ഏകാന്തമരുവിൽ ഞാൻ സുഖമായുറങ്ങി
ഏകനായ എന്നെ സോദരർ തള്ളി
ലോകമെനിക്കതു യോഗ്യമല്ലാതായ്

തിരുമൊഴി കാതിൽ മുഴങ്ങി
തൻ സ്നേഹ നദിയിൽ ഞാൻ മുങ്ങി
ക്രൂശിതനായോനെ നോക്കി
സർവ്വം മറന്നു വണങ്ങി
തൻ തേജസ്സിൽ ഞാൻ മയങ്ങി

എന്നുള്ളം തേങ്ങി കരഞ്ഞൊരു നാളിൽ
എൻ അരികിൽ യേശു വന്നു തലോടി
എന്നെ അനാഥനായ് വിടുകില്ലെന്നരുളി
നാഥാ നീ സാധുവേ മാറോടണച്ചു.

ഇത്രത്തോളം എന്നെ സ്നേഹിപ്പതിനായ്
ഞാൻ യോഗ്യനല്ല എൻ യേശുവേ നാഥാ
ഞാനാകുന്നതെല്ലാം കൃപയാലാകുന്നു
എൻ പുകഴ്ച യേശുനാഥനാകുന്നു

ജീവകിരീടത്തെ നൽകുമീ നാഥൻ
എന്നെ വീഴാതെ നിറുത്തുവാൻ ശക്തൻ
ഈ ലോകെ ഞാനെന്റെ ഓട്ടം തികപ്പാൻ
നിത്യമാം ജീവനെ മുറുകെപ്പിടിപ്പാൻ

## പാഴും ശൂന്യവുമായിക്കിടന്ന
Music & Words - VJ Traven

പാഴും ശൂന്യവുമായിക്കിടന്ന
വെറും ഇരുളായിരുന്ന ഈ എന്നെ
യേശുവിൻ മരണത്തിനാലെ
തൻ ഉയിർപ്പിൻ ശക്തിയാലെ
ജീവിപ്പിക്കുന്ന സ്വർഗ്ഗപിതാവേ
നിൻ കൃപാ മഹത്വത്താലെ
തൃപ്പാദം ഞാൻ കുമ്പിടുന്നേ

എന്റെ ആത്മാവും ദേഹം ദേഹിയും
തന്റെ മഹനീയ സ്നേഹത്തെ വാഴ്ത്തും
എന്റെ സർവ്വാന്തരംഗവും പാടും
തൻ തിരുപ്പാദം ചുംബിക്കും

ജീവപുസ്തകത്തിൽ നിന്നുമെന്റെ
പേരു മാഞ്ഞുപോയിടാതെ എന്നും
കുഞ്ഞാടിനെ പിൻഗമിപ്പാൻ
പരിശുദ്ധാത്മാവിനാലെന്നെ
മുദ്രയിട്ടു സൂക്ഷിക്കും പിതാവേ
നിൻ കൃപാമഹത്വത്താലെ
തൃപ്പാദം ഞാൻ വന്ദിക്കുന്നേ

ലോകെ കഷ്ടം ദുഃഖം പ്രയാസങ്ങൾ
എന്നെ യേശുവിൻ സ്നേഹത്തിൽ നിന്നും
ഒരുനാളും വേർപിരിക്കാതെ
ആത്മാവിൽ സന്തോഷത്തോടെ
അന്ത്യത്തോളം നടത്തും പിതാവേ
നിൻ കൃപാ മഹത്വത്താലേ
നിൻ പാദം ഞാൻ ചുംബിക്കുന്നേ

**ദൈവകുഞ്ഞാടിനെ കാണും**

Music & Words - VJ Traven

ദൈവകുഞ്ഞാടിനെ കാണും
വേഗമെൻ ക്ലേശങ്ങൾ മായും
എൻ ആത്മകാന്തനെ കാണും
നേരം ഞാൻ ആനന്ദിച്ചാർക്കും

ആരെ ഞാൻ വിശ്വസിച്ചെന്ന്
നന്നായിട്ടറിയുന്നതാലെ
വിശ്വാസത്തിൻ നായകന്റെ
ക്രൂശിനെ നോക്കുകയാണേ

എന്റെ യേശുവിൻ സ്നേഹത്തിൽ നിന്നുമെന്നെ
വേർപിരിപ്പാനാവുമോ മരണം പോൽ ബലമുള്ള
സ്നേഹത്താലെ എന്നെ സ്നേഹിച്ചവനേ

യേശുവേ എൻ പരനേ
എന്നും ഞാൻ നിൻ മുഖം കണ്ടീടട്ടേ
എന്നെ സ്നേഹിച്ചവനെ
നിന്നോടു ഞാൻ പറ്റിച്ചേർന്നിടട്ടെ

ആകാശം മാറിപ്പോയാലും
തൻ ഗംഭീരനാദം കേൾക്കും
ക്രിസ്തുവിൻ നിന്ദ ചുമന്ന
തൻ ജനം സന്തോഷിച്ചാർക്കും

അവനെന്നെ കൈവിടില്ലെന്ന്
നന്നായിട്ടറിയുന്നതാലേ
ക്ഷീണിച്ചു പിന്മാറിടാതെ
ധ്യാനിച്ചു പാടുകയാണേ...
എന്റെ യേശുവിൻ സ്നേഹത്തിൽ നിന്നുമെന്നെ

യേശുവേ എൻ കാന്തനെ
ഞാൻ നിത്യം നിൻ മാർവ്വിൽ ചാരീടട്ടെ
എന്നെ സ്നേഹിച്ചവനെ
നിന്നോടു ഞാൻ പറ്റിച്ചേർന്നീടട്ടെ

**എന്റെ യേശു നായകനെ**

Music & Words - VJ Traven

എന്റെ യേശു നായകനെ എന്നുമെന്നും വാഴ്ത്തിടുമേ
എന്റെ ജീവകാലമെല്ലാം വാഴ്ത്തിടുമേ
എന്റെ ആത്മനായകനെ
യേശുവേ ഞാൻ നിന്നെ മാത്രം പാടി വാഴ്ത്തിടുമേ

തന്റെ ശുദ്ധരക്തത്താലെ എന്നെയവൻ ശുദ്ധനാക്കി
തന്റെ ആത്മജീവനാലെ പുത്തനാക്കി
എന്റെ ആത്മസ്നേഹിതനെ
യേശുവേ ഞാൻ നന്ദിയോടെ പാടി വാഴ്ത്തിടുമേ

വാനമേഘ വന്നിടുമെൻ യേശുരാജൻ പൊൻമുഖം-
ഞാൻ കണ്ടിടും നാളിൽ തന്നെ കണ്ടിടും നാളിൽ
ഞാൻ പറന്നു പോയിടുമേ ശുദ്ധരുമായ് ആർത്തുപാടി
വാഴ്ത്തിടും വാനിൽ തന്നെ കണ്ടിടും നാളിൽ

യേശുവേ ഞാൻ പിൻഗമിച്ചിടും
എൻ ജീവകാലം നിന്നെ മാത്രം ഞാൻ വണങ്ങിടും
കർത്തനെ ഈ ഞാൻ സുത്തിച്ചീടും
എൻ നിത്യകാലം നിന്നെ മാത്രം ഞാൻ പുകഴ്ത്തടും

തന്റെ പ്രാണവേദനകൊണ്ടെന്നെ അവൻ സ്വന്തമാക്കി
നിത്യമായി ഞാനവന്റെ മാത്രമായി
എന്റെ ആത്മനായകനെ
യേശുവേ ഞാൻ നിന്നെ മാത്രം പാടി വാഴ്ത്തിടുമേ

എന്റെ ദുഃഖവേളയതിൽ ഞാനവന്റെ ക്രൂശു നോക്കി
കൈവിടില്ലെന്നുള്ള വാക്കതോർത്തു നോക്കി
എന്റെ ആത്മസ്നേഹിതനെ
യേശുവേ ഞാൻ നന്ദിയോടെ പാടി വാഴ്ത്തിടുമേ

വാനമേഘേ വന്നിടുമെൻ യേശുരാജൻ പൊൻമുഖം-
ഞാൻ കണ്ടിടും നാളിൽ തന്നെ കണ്ടിടും നാളിൽ
ഞാൻ പറന്നു പോയിടുമേ ശുദ്ധരുമായ് ആർത്തുപാടി
വാഴ്ത്തിടും വാനിൽ തന്നെ കണ്ടിടും നാളിൽ

യേശുവേ ഞാൻ പിൻഗമിച്ചിടും
എൻ ജീവകാലം നിന്നെ മാത്രം ഞാൻ വണങ്ങിടും
കർത്തനെ ഈ ഞാൻ സ്തുതിച്ചീടും
എൻ നിത്യകാലം നിന്നെ മാത്രം ഞാൻ പുകഴ്ത്തിടും